**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1646

13/06/2014-ൽ മറുപടിക്ക്

കുടുംബശ്രീയുടെ നേതൃത്വത്തിൽ ഊർജ്ജ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശശി | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്ന ഊർജ്ജ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കാമോ ; | (എ) | ഊർജസംരക്ഷണത്തിന്റെ ആവശ്യകതയേയും സാധ്യതകളേയും സംബന്ധിച്ച ആശയപ്രചാരണം, ഊർജ്ജ സംരക്ഷണത്തെപ്പറ്റി പൊതുജനങ്ങളെ ബോധവത്ക്കരിക്കൽ, ഹരിത സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള ഊർജസംരക്ഷണ ഉപകരണങ്ങളുടേയും പാരമ്പര്യേതര ഊർജ ഉപകരണങ്ങളുടേയും വിപണനം/ വിൽപനാനന്തര സേവനം/ വിപണന-സേവന രംഗങ്ങളിലെ ഉപജീവനമാർഗ വികസനം എന്നീ മൂന്ന് പ്ര ധാന ലക്ഷ്യങ്ങളോടെയാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. |
| (ബി) ഇതിനായി എന്ത് തുക നീക്കി വച്ചിട്ടുണ്ട് ; | (ബി) | ഇതിനായി പ്രത്യേക തുക നീക്കി വച്ചിട്ടില്ല |
| (സി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ? | (സി) | അയൽക്കൂട്ടം, എഡിഎസ്-സിഡിഎസ് തലങ്ങളിൽ കുടുംബശ്രീ അംഗങ്ങളുടെ കലാ ടീം ഊർജ്ജ സംരക്ഷണത്തെ ആസ്പദമാക്കിയുള്ള സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നാടകം എല്ലാ പഞ്ചായത്തുകളിലും അവതരിപ്പിച്ചു. സംസ്ഥാനത്തെ 1072 സിഡിഎസ്സുകളിലും ചെയർപേഴ്സൺമാർക്ക് ഊർജ സംരക്ഷണത്തെ കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകളും പ ാരമ്പര്യേതര ഊർജ ഉപകരണങ്ങളുടെ ഡെമോൺസ്ട്രേഷൻ എന്നിവയും നടത്തി.<br><br>'ഊർജ്ജ സംരക്ഷണം: ഹരിത സാങ്കേതിക വിദ്യയും ഉപജീവന സാദ്ധ്യതകളും" എന്ന വിഷയത്തിൽ സെമിനാർ, ഊർജ്ജശ്രീ യൂണിറ്റിലെ അംഗങ്ങൾക്ക് യൂണിറ്റ് തുടങ്ങുന്നതിനായി സോളാർ ലാമ്പ്, ബയോഗ്യാസ് എന്നിവയുടെ പ്രവർത്തനത്തെപ്പറ്റിയും പരിപാലനത്തെപ്പറ്റിയും പരിശീലനം എന്നിവയും നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ